# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *261 — 15.02.2013-ൽ മറുപടിയ്ക്ക്

## സേഫ് കോറിഡോർ പദ്ധതി

**ചോദ്യം**

**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**
**,, സണ്ണി ജോസഫ്**
**,, വർക്കല കഹാർ**
**,, കെ.മുരളീധരൻ**

(എ) റോഡ് സുരക്ഷയ്ക്ക് സേഫ് കോറിഡോർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ റോഡുകളിലെ മരണനിരക്ക് കുറയ്ക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

**മറുപടി**

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

**(എ) & (ബി) :**

കെ.എസ്.റ്റി.പി ഒന്നാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത 77 കി.മീ ദൈർഘ്യമുള്ള കഴക്കൂട്ടം-തൈക്കാട്-അടൂർ റോഡ് സേഫ് കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ റോഡിൽ ആവശ്യമായ റോഡ് സുരക്ഷാ നടപടികൾ ഏർപ്പെടുത്തി, ബോധവത്ക്കരണം, ട്രാഫിക് എൻഫോഴ്സ്മെന്റ് , ട്രോമകെയർ എന്നിവ നടത്തി അപകടങ്ങൾ കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. സേഫ് കോറിഡോർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡിലുണ്ടായിരുന്ന അപകടങ്ങൾ കുറയ്ക്കുക. മരണ നിരക്ക് ക്രമമായി കുറച്ചുകൊണ്ട് വരുക

2. എല്ലാ റോഡുകളിലും സൈൻ ബോർഡ് സ്ഥാപിക്കുക. റോഡിൽ സ്റ്റഡുകൾ സ്ഥാപിക്കുക, മറ്റ് സുരക്ഷാ പണികൾ ചെയ്യുക

3. വിദ്യാർത്ഥികൾക്കും റോഡ് ഉപയോഗിക്കുന്ന എല്ലാ ഡ്രൈവർമാർക്കും, കാൽനടയാത്രക്കാർക്കും ട്രാഫിക് പോലീസ് മുതലായവർക്കും ട്രെയിനിംഗ് കൊടുക്കുക

4. അപകടത്തിൽപ്പെട്ടവർക്ക് അത്യാവശ്യ ചികിത്സകൾ നൽകുന്നതിന് ട്രോമകെയർ അതാത് സ്ഥലത്തുള്ള ആശുപത്രികൾക്ക് പ്രത്യേക സജ്ജീകരണങ്ങൾ ഉണ്ടാക്കുക

5. റോഡ് സേഫ്റ്റി അതോറിറ്റിയെ ശക്തിപ്പെടുത്തുക

6. അപകട സാധ്യത മേഖല പ്രത്യേകം കണ്ടെത്തി അതിനെ പരിഹരിക്കുക

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; | (സി) ലോകബാങ്കിന്റെ ഗ്ലോബൽ റോഡ് സേഫ്റ്റി ഫസിലിറ്റി എന്ന സ്ഥാപനവും, കേരള റോഡ് സേഫ്റ്റി അതോറിറ്റിയും, കെ.എസ്.ടി.പി, പൊതുമരാമത്ത് വകുപ്പിന്റെ റോഡ് സേഫ്റ്റി സെൽ മൾട്ടി ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് (പോലീസ്, ട്രാൻസ്പോർട്ട്, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത്) എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് ലോകബാങ്കിൽ നിന്നും ലഭിക്കുന്നത് ? | (ഡി) ലോകബാങ്കിൽ നിന്ന് ഇതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം ലഭിക്കും. ലോകബാങ്ക് സംഘത്തിലുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസൾട്ടന്റുമാർ റോഡ് പരിശോധിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ